# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനുവരി 28

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ജനുവരി 15ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്‌സ് ബ്രാഞ്ച് ഡി. മെറ്റീരിയൽ സയൻസസിന്റെ സ്റ്റാറ്റിസ്റ്റിക്കൽ ഫിസിക്‌സ് ആന്റ് അസ്‌ട്രോ ഫിസിക്‌സ് പേപ്പറിന്റെ പരീക്ഷ ഫെബ്രുവരി അഞ്ചിന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ./39/150/2019)

## അപേക്ഷ തീയതി നീട്ടി

2018 സെപ്റ്റംബറിൽ നടന്ന എം.ബി.എ. ഓഫ് കാമ്പസ് (2014 അഡ്മിഷൻ സപ്ലിമെന്ററി, 2014 വരെയുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ്) വൈവ/പ്രോജക്ട് മൂല്യനിർണയ പരീക്ഷകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് സ്‌പെഷൽ ഫീസടയ്ക്കാനുള്ള തീയതി ജനുവരി 31 വരെ നീട്ടി. 2000 രൂപയാണ് സ്‌പെഷൽ ഫീസ്.

(പി.ആർ.ഒ./39/151/2019)

## പരീക്ഷ തീയതി

രണ്ടാം വർഷ ബി.എസ്‌സി. എം.എൽ.ടി. റഗുലർ/സപ്ലിമെന്ററി (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി ഒന്നു വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/152/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) നവംബർ/ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/153/2019)

മൂന്നാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി നാലു മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. പരീക്ഷയോടനുബന്ധിച്ച് എക്‌സാമിനർ സമിതിയോഗം ജനുവരി 31ന് സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവന്റെ 201-ാം നമ്പർ മുറിയിൽ രാവിലെ 11ന് നടക്കും.

(പി.ആർ.ഒ./39/154/2019)

## പരീക്ഷ ഫലം

2017 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/155/2019)

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/156/2019)

2018 നവംബറിൽ സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. (കമ്പ്യൂട്ടർ സയൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/157/2019)

2018 ഒക്ടോബറിൽ നടന്ന രണ്ടാം വർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ മൈക്രോബയോളജി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/158/2019)

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. അറബിക് (പ്രൈവറ്റ് - റഗുലർ, പുനഃപ്രവേശനം, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/159/2019)

2017 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. അറബിക് (പ്രൈവറ്റ് - റഗുലർ, പുനഃപ്രവേശനം, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴ വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/160/2019)

2018 മാർച്ചിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ഓണേഴ്‌സ് - പഞ്ചവത്സരം - 2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/161/2019)

## മികച്ച കമ്പ്യൂട്ടർവത്ക്കരണം; കോഹ ദേശീയ പുരസ്‌കാരം എം.ജി. സർവകലാശാല ലൈബ്രറിക്ക്

സ്വതന്ത്ര സോഫ്റ്റ്‌വെയറായ കോഹ ഉപയോഗിച്ച് മികച്ച നിലയിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയതിന് ദേശീയതലത്തിൽ നൽകുന്ന 2019ലെ കോഹ ലൈബ്രറി അവാർഡ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടന്ന ലൈബ്രറി ടെക്‌നോളജി കോൺക്ലേവ് 2019ലാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഡവലപ്പർ ക്രിസ് കോർമാക് അവാർഡ് സമ്മാനിച്ചു.

അമേരിക്കയിലെ വാൻഡർ ബിൽഡ് സർവകലാശാലയിലെ മാർഷൽ ബ്രീഡിംഗ്, കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഡവലപ്പർ ക്രിസ്‌കോർമാക്, പ്രൊഫ. പാർഥസാരഥി മുഖോപാധ്യായ, ഡോ. ഗോപകുമാർ എന്നിവരടങ്ങിയ അവാർഡ് നിർണയ സമിതിയാണ് എം.ജി.യെ തെരഞ്ഞെടുത്തത്.

65,767 പുസ്തകങ്ങളും 7,510 ഇ-ബുക്കുകളും 196 ജേർണലുകളും 370 ഇ-ജേർണലുകളുമുള്ള സർവകലാശാല ലൈബ്രറിയിൽ 32 ജീവനക്കാർ രണ്ട് ഷിഫ്റ്റുകളായാണ് ജോലി ചെയ്യുന്നത്. 7597 പേർക്ക് മെമ്പർഷിപ്പുണ്ടെന്ന് ലൈബ്രേറിയൻ ഡോ. ലൈല ടി. എബ്രഹാം പറഞ്ഞു. അഞ്ച് ഡേറ്റാബേസുകളും ഇൻഫ്‌ളിബ് നെറ്റ്, ഡെൽനെറ്റ് സംവിധാനങ്ങളുമുണ്ട്. രാവിലെ എട്ടു മുതൽ വൈകീട്ട് എട്ടുവരെയാണ് പ്രവർത്തനം.

(പി.ആർ.ഒ./39/162/2019)

## ഫോട്ടോ ക്യാപ്ഷൻ

**എം.ജി. സർവകലാശാല ലൈബ്രറി**

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ